പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1493 10-02-2020-ലെ മറുപടിയ്ക്ക്

## പ്രളയത്തിൽ കാർഷികമേഖലക്കുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ കാലയളവിൽ കഴിഞ്ഞ വർഷങ്ങളിൽ നടന്ന പ്രളയ ദുരന്തമുൾപ്പെടെയുള്ള മറ്റ് ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും സംസ്ഥാനത്തെ കാർഷിക മേഖലയേയും കർഷകരേയും ഏത് രീതിയിൽ ബാധിച്ചു എന്ന് വിശദമാക്കാമോ; | (എ) & (ബി) | കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സംഭവിച്ച രൂക്ഷമായ വെള്ളപ്പൊക്കം, കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ കാരണമുണ്ടായ കൃഷിനാശം കാർഷികമേഖലയേയും, കർഷകരേയും വളരെ പ്രതികൂലമായി ബാധിച്ചു. കർഷകരുടെ കൃഷിയിടങ്ങൾ മൊത്തമായും ഭാഗികമായും വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോയ അവസ്ഥയും സംസ്ഥാനത്ത് പലയിടങ്ങളിൽ ഉണ്ടായി.<br>2016-17 -ലെ വരൾച്ച, 2017-18 -ലെ തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂൺ, പ്രീമൺസൂൺ കാലയളവുകളിലായി 74420 ഹെക്ടർ സ്ഥലത്ത് 1256 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018 -ലെ മഹാപ്രളയത്തിൽ 236649.5 ഹെക്ടർ സ്ഥലത്തായി 18545.25 കോടി രൂപയുടെ കൃഷിനാശം അടക്കം ആകെ 19001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്.<br>2019 -ലെ വരൾച്ചയിൽ 2562 ഹെക്ടർ സ്ഥലത്ത് 82 കോടി രൂപയുടെയും 2019 -ലെ പ്രളയത്തിൽ 96241.9 ഹെക്ടർ സ്ഥലത്തായി 1780.9132 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 346888 കർഷകരെ ബാധിച്ചിട്ടുണ്ട്.<br>മഹാപ്രളയത്തെ തുടർന്ന് ഇടുക്കി, വയനാട് ജില്ലകളിൽ 9 കർഷകർ വീതവും കണ്ണൂർ ജില്ലയിൽ 2 ഉം കാസർഗോഡ് ജില്ലയിൽ 1 ഉം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.<br>പ്രളയത്തിൽ ജീവഹാനി സംഭവിച്ച കർഷകരുടെ വിശദാംശങ്ങൾ പ്രത്യേകമായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | ഇവ മൂലം ഓരോ വർഷവും കർഷകർക്കും കാർഷികമേഖലക്കുമുണ്ടായ നാശനഷ്ടങ്ങൾ എന്തെല്ലാം എന്നും എത്ര കർഷകരുടെ ജീവൻ നഷ്ടപ്പെട്ടുവെന്നും എത്ര പേർ ആത്മഹത്യ ചെയ്തു എന്നും വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കഷ്ടനഷ്ടങ്ങൾക്കും ജീവഹാനി സംഭവിച്ച കർഷക കുടുംബങ്ങൾക്കും സഹായം നല്കാനായി എന്തെല്ലാം കേന്ദ്രസഹായം ആവശ്യപ്പെട്ടു എന്നും ലഭ്യമായത് എന്തെല്ലാമെന്നും വിശദമാക്കാമോ; | (സി) & (ഡി) | പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനഃരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു.<br>പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭത്തിനു വേണ്ടിയുള്ള കണ്ടിജൻസി ഫണ്ട് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞു കൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർനിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനും എസ്.ഡി.ആർ. ഫണ്ടിൽനിന്നും ധനസഹായം നൽകി വരുന്നുണ്ട്. ഇവയ്ക്കു പുറമെ പ്രധാനമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും അംഗങ്ങളായ കർഷകർക്ക് ധനസഹായം നൽകി വരുന്നുണ്ട്. വിവിധ പദ്ധതികളിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇവരുടെ കുടുംബ സഹായങ്ങൾക്കും കൃഷിനാശങ്ങൾക്കും വേണ്ടി കേന്ദ്ര ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വഴി നല്കിയതുൾപ്പെടെ മറ്റ് എന്തെല്ലാം സഹായങ്ങൾ ഓരോ വർഷവും ഈ സർക്കാർ നൽകി എന്നറിയിക്കാമോ; എത്ര കുടുംബങ്ങൾക്ക് /കർഷകർക്ക് എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## (a) സംസ്ഥാന പദ്ധതികൾ

| ക്രമ നം. | പദ്ധതി/ഫണ്ട് | 2017-18 ൽ നൽകിയ തുക | 2018-19 ൽ നൽകിയ തുക | 2019-20 ൽ നൽകിയ തുക |
|---|---|---|---|---|
| 1) | വിള ഇൻഷ്വറൻസ് പദ്ധതി | 232.60585 ലക്ഷം | 51 കോടി | 5560 ലക്ഷം |
| 2) | പ്രകൃതിക്ഷോഭം പദ്ധതിയിലുള്ള കണ്ടിജൻസി ഫണ്ട് | 992.82632 ലക്ഷം | 164.51 കോടി | 471.21576 ലക്ഷം |
| 3) | എസ്.ഡി.ആർ. ഫണ്ട് | 921.09428 ലക്ഷം | 115.98 കോടി | 106.14984 ലക്ഷം |

## (b) കേന്ദ്ര പദ്ധതികൾ

| പദ്ധതി | സീസൺ | പ്രീമിയം സംസ്ഥാന വിഹിതം (രൂപയിൽ) | പ്രീമിയം കേന്ദ്ര വിഹിതം (രൂപയിൽ) | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|---|---|
| PMFBY | Rabi 16-17 | 11174108.58 | 11174108.58 | 49154133.67 |
| PMFBY | Kharif 17 | 10056288.53 | 10056288.53 | 14432406.37 |
| PMFBY | Rabi 17-18 | 10938632.41 | 10938632.41 | 15084615.75 |
| RWBCIS | Kharif 2016 | 27240974.41 | 27240974.41 | 179223022 |
| RWBCIS | Rabi 16-17 | 91200000 | 91200000 | 208881022 |
| RWBCIS | Kharif 17 | 33733362.29 | 33733362.29 | 64960243.3 |
| RWBCIS | Rabi 17-18 | 43045210.75 | 43045210.75 | 14549201.8 |
| PMFBY & RWBCIS | Kharif 18 | 19190597 | 19190597 | 33300000 |
| PMFBY & RWBCIS | Rabi 18 | 96369726 | 96369726 | 782000 |
| PMFBY & RWBCIS | Kharif 19 | 19776183 | 19776183 | 45200000 |

സെക്ഷൻ ഓഫീസർ